REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 28-04-2026 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **ഉഷ്ണതരംഗ സാധ്യത കണക്കിലെടുത്ത് സംസ്ഥാനങ്ങൾ കരുതൽ നടപടികൾ ശക്തിപ്പെടുത്തണമെന്ന് ആരോഗ്യകുടുംബ ക്ഷേമ മന്ത്രാലയം. സംസ്ഥാനത്ത് ഇന്നും ശക്തമായ ചൂട് ഉണ്ടായേക്കും.**
- **നിയമസഭാ തിരഞ്ഞെടുപ്പ് വോട്ടെണ്ണൽ ഉദ്യോഗസ്ഥരുടെ ആദ്യഘട്ട റാൻഡമൈസേഷൻ പൂർത്തിയായി.**
- **US, ഇറാൻ തുറമുഖങ്ങൾക്ക് മേൽ ഏർപ്പെടുത്തിയ ഉപരോധം പിൻവലിച്ചാൽ ഹോർമൂസ് കടലിടുക്ക് തുറന്ന് കൊടുക്കാമെന്ന് ടെഹ്റാൻ.**
- **തൃശൂർപൂരത്തിന് ഔപചാരിക സമാപനം.**
- **IPL ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, ഡൽഹി ക്യാപിറ്റൽസിനെ ഒൻപത് വിക്കറ്റിന് തകർത്തു.**

## വാർത്തകൾ വിശദമായി

രാജ്യത്തെ ഉഷ്ണതരംഗ സാധ്യത കണക്കിലെടുത്ത് സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും മുൻകരുതൽ ശക്തിപ്പെടുത്തണമെന്ന് ആരോഗ്യകുടുംബ ക്ഷേമ മന്ത്രാലയം സംസ്ഥാന ചീഫ് സെക്രട്ടറിമാർക്ക് നിർദേശം നൽകി. ജൂൺ വരെ ഇന്ത്യയുടെ കിഴക്കൻ- മധ്യ വടക്കു പടിഞ്ഞാറൻ ഭാഗങ്ങളിലും, തെക്കു കിഴക്കൻ മേഖലയിലും സാധാരണയിലും കൂടുതൽ ചൂടിനും ഉഷ്ണതരംഗത്തിനും സാധ്യത ഉണ്ടെന്നും മന്ത്രാലയ സെക്രട്ടറി പുണ്യ സലീല ശ്രീവാസ്തവ പറഞ്ഞു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ഹീറ്റ് സ്ട്രോക്ക് മാനേജ്മെന്റ് യൂണിറ്റുകളും ആംബുലൻസ് സേവനങ്ങളും ഉറപ്പാക്കാനും മുന്നറിയിപ്പുകൾ നൽകാനും നിർദേശമുണ്ട്. അതിശക്തമായ ചൂടിന്റെ പ്രത്യാഘാതങ്ങൾ കുറയ്ക്കാനും അനുബന്ധ രോഗങ്ങളും മരണങ്ങളും തടയാനും ഏകോപിത നടപടികൾ അനിവാര്യമാണെന്നും ശ്രീവാസ്തവ അറിയിച്ചു.

ഈ വർഷത്തെ ദേശീയ അഗ്നി സുരക്ഷാ വാരം മെയ് നാല് മുതൽ പത്തു വരെ സംഘടിപ്പിക്കുമെന്നും ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം അറിയിച്ചു. തീപിടുത്ത അപകടങ്ങൾ ഒഴിവാക്കുന്നതിനും, സുരക്ഷ, ആരോഗ്യപരിരക്ഷാ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഊന്നൽ നൽകിയായിരിക്കണം വാരാചരണമെന്ന് സംസ്ഥാന ചീഫ് സെക്രട്ടറിമാർക്ക് അയച്ച കത്തിൽ ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയ സെക്രട്ടറി നിർദ്ദേശിച്ചു. സുരക്ഷിത വിദ്യാലയം-സുരക്ഷിത ആശുപത്രി- അഗ്നിസുരക്ഷാ അവബോധ സമൂഹം- അഗ്നിസുരക്ഷയ്ക്ക് ഒറ്റക്കെട്ടായി എന്നതാണ് ഈ വർഷത്തെ വാരാചരണ പ്രമേയം.

✪✪✪

സംസ്ഥാനത്ത് ഇന്നും ചൂട് ശക്തമായി തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പാലക്കാട് ജില്ലയിൽ 40 ഡിഗ്രി സെൽഷ്യൽസ് വരെ താപനില ഉയർന്നേക്കും. കൊല്ലം ജില്ലയിൽ 39 ഡിഗ്രിയും, കോട്ടയം, പത്തനംതിട്ട, തൃശൂർ, കോഴിക്കോട് ജില്ലകളിൽ 38 ഡിഗ്രിയും ആലപ്പുഴ, എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ 37 ഡിഗ്രിയും തിരുവനന്തപുരം ജില്ലയിൽ 36 ഡിഗ്രി സെൽഷ്യസും വരെ ചൂട് ഉയർന്നേക്കും. വയനാട്, ഇടുക്കി ഒഴികെ ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

നാളെ സംസ്ഥാനത്ത് ചിലയിടങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്രാ കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പത്തനംതിട്ടയിലും, ഇടുക്കിയിലും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നടപടികൾക്ക് കൗണ്ടിങ് സൂപ്പർവൈസർ, കൗണ്ടിങ് അസിസ്റ്റന്റ്, മൈക്രോ ഒബ്സർവർ എന്നിവരുടെ നിയമനത്തിന് ജില്ലകളിൽ ആദ്യഘട്ട റാൻഡമൈസേഷൻ പൂർത്തിയായി. 30 ശതമാനം റിസർവ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയാണ് പട്ടിക തയ്യാറാക്കിയത്.

മെയ് രണ്ടിനാണ് രണ്ടാം ഘട്ട റാൻഡമൈസേഷൻ.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ ഉത്തർപ്രദേശ് സന്ദർശനം ഇന്നാരംഭിക്കും. വാരണാസിയിൽ 6,350 കോടി രൂപയുടെ അടിസ്ഥാന മേഖലാ വികസന പദ്ധതികൾക്ക് തുടക്കമിടുന്ന പ്രധാനമന്ത്രി, വൈകിട്ട് മഹിളാസമ്മേളനത്തിലും പങ്കെടുക്കും. രണ്ട് അമൃത്ഭാരത് ട്രെയിനുകളും അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്യും.

നാളെ കാശി വിശ്വനാഥ ക്ഷേത്രത്തിൽ പ്രധാനമന്ത്രി ദർശനം നടത്തും. തുടർന്ന് 594 കിലോമീറ്റർ ഗംഗാ എക്സ്പ്രസ് വേയും പ്രധാനമന്ത്രി നാടിന് സമർപ്പിക്കും.

✪✪✪

സിക്കിം സംസ്ഥാന രൂപീകരണത്തിന്റെ 50-ാമത് വാർഷികാഘോഷങ്ങളുടെ സമാപന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഗാങ്ടോക്കിലെ പാൽജോഡ് സ്റ്റേഡിയത്തിൽ പങ്കെടുക്കും. സംസ്ഥാനത്ത് 4,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കമിടും. നാംചി ജില്ലയിലെ യാൻഗാങ്ങിൽ ആയുർവേദ ആശുപത്രിയ്ക്ക് തറക്കല്ലിടുന്ന പ്രധാനമന്ത്രി, സിക്കിം സർവകലാശാലയുടെ സ്ഥിരം കാമ്പസും ഉദ്ഘാടനം ചെയ്യും.

✪✪✪

ഇന്ത്യയും ന്യൂസിലാൻഡും ഒപ്പു വെച്ച സ്വതന്ത്ര വ്യാപാര കരാർ സാമ്പത്തിക പങ്കാളിത്തത്തിന്റെയും അവസരങ്ങളുടെയും പുതുയുഗം കുറിക്കുമെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചു. കരാർ പ്രകാരം അടുത്ത പതിനഞ്ചു വർഷത്തിനുള്ളിൽ ഇന്ത്യയിലേക്ക് 20 ബില്യൺ ഡോളറിന്റെ നിക്ഷേപം കൊണ്ടുവരാൻ സാധ്യമാകും.

✪✪✪

ഹൈദരാബാദിൽ സിമന്റ് കട്ട നിർമ്മാണകമ്പനിയിൽ കൂറ്റൻ ക്രെയിൻ തകർന്ന് അഞ്ച് തൊഴിലാളികൾ മരിച്ചു. 12 പേർക്ക് പരിക്കേറ്റു. രങ്കറെഡ്ഡി ജില്ലയിലെ മഹാലിംഗപുരത്ത് കനത്ത കാറ്റിനെത്തുടർന്നാണ് ക്രെയിൻ തകർന്നത്.

✪✪✪

മധ്യപ്രദേശിൽ ഏകീകൃത സിവിൽകോഡ് നടപ്പാക്കുന്നത് പരിശോധിക്കാൻ ഗവൺമെന്റ് ഉന്നതതല സമിതി രൂപീകരിച്ചു. സുപ്രീംകോടതി മുൻ ജഡ്ജി ജസ്റ്റിസ് രഞ്ജനാപ്രസാദ് ദേശായി അധ്യക്ഷനായ സമിതിയാണ് വിഷയം പരിശോധിക്കുന്നത്. രണ്ടു മാസത്തിനകം റിപ്പോർട്ട് നൽകാനാണ് നിർദ്ദേശം.

✪✪✪

ഇറാന്റെ തുറമുഖങ്ങൾക്കുമേൽ അമേരിക്ക ഏർപ്പെടുത്തിയ ഉപരോധം പിൻവലിച്ചാൽ ഹോർമൂസ് കടലിടുക്ക് തുറന്ന് യുദ്ധം അവസാനിപ്പിക്കാമെന്ന് ടെഹ്റാൻ, ട്രംപ് ഭരണകൂടത്തെ അറിയിച്ചു. ഇറാന്റെ ആണവ പരിപാടി സംബന്ധിച്ച ചർച്ച സംഘർഷം അവസാനിപ്പിച്ചശേഷം ചർച്ച ചെയ്യാമെന്നും വിദേശകാര്യമന്ത്രി അബ്ബാസ് അരാഗ്ചി സെന്റ്പീറ്റേഴ്സ്ബർഗിൽ റഷ്യൻ പ്രസിഡണ്ട് വ്ലാഡിമിർ പുടിനുമായി  നടത്തിയ ചർച്ചയിൽ വ്യക്തമാക്കി. റഷ്യൻ വിദേശകാര്യമന്ത്രി സെർജിലാവ്റോവും ചർച്ചയിൽ പങ്കെടുത്തു. യുദ്ധലക്ഷ്യങ്ങൾ നേടാൻ കഴിയാതെ ദുർബലമായ അമേരിക്ക ഇപ്പോൾ ചർച്ചയ്ക്ക് സന്നദ്ധമായിരിക്കുകയാണെന്നും അരാഗ്ചി പറഞ്ഞു.

UN സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ്, ഹോർമൂസ് കടലിടുക്ക് എത്രയും വേഗം തുറന്ന് ആഗോള വ്യാപാരമേഖലയെ സംരക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.  കൃത്യമായ പദ്ധതിയില്ലാതെ സംഘർഷത്തിന് തുടക്കമിട്ട അമേരിക്ക ഇപ്പോൾ അതിന്റെ വില നൽകുകയാണെന്ന് ജർമ്മൻ ചാൻസലർ ഫ്രഡറിക് മെഴ്സ് ശക്തമായ ഭാഷയിൽ വിമർശനം ഉന്നയിച്ചിരുന്നു.

✪✪✪

ഈ വർഷത്തെ തൃശൂർപൂരത്തിന് ഔപചാരിക സമാപനം. ഇന്നലെ രാത്രി ഉത്രംവിളക്ക് കൊളുത്തി കൊടിയിറക്കിയതോടെയാണ് പൂരം അവസാനിച്ചത്

പാറമേക്കാവ്-തിരുവമ്പാടി ഭഗവതിമാർ നേർക്കുനേർ നിന്ന് ഉപചാരം ചൊല്ലി പിരിഞ്ഞു.  2027 ഏപ്രിൽ 17 നാണ് അടുത്ത പൂരം.

തൃശൂരിൽ നിന്ന് ഭരിതപ്രതാപ്.

................(വോയ്സ്)...........

✪✪✪

തൃശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് അപകടത്തിൽ സംഭവസ്ഥലത്തു നിന്ന് കണ്ടെത്തിയ ശരീരഭാഗങ്ങൾ DNA പരിശോധനാ ഫലത്തിന്റെയും മറ്റ് രേഖകളുടെയും അടിസ്ഥാനത്തിൽ ബന്ധുക്കൾക്ക് വിട്ടുനൽകാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി  യോഗത്തിൽ തീരുമാനമായി.  ബന്ധുക്കളുമായി ഇന്നലെ ജില്ലാകളക്ടർ യോഗം ചേർന്ന് വിവരങ്ങൾ ബോധ്യപ്പെടുത്തിയിരുന്നു.

അഭിജിത്ത് , വിഷ്ണു വിനോദ് , ഗിരീഷ് , സുരേഷ് , എന്നിവരുടെ ശരീരഭാഗങ്ങളാണ് DNA പരിശോധനയിൽ തിരിച്ചറിഞ്ഞത്.

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടി ദന്തൽ കോളേജ് വിദ്യാർത്ഥി നിതിൻ രാജിന്റെ മരണത്തിന് ഉത്തരവാദികളായവരെ അറസ്റ്റു ചെയ്യണമെന്നും കുടുംബത്തിന് അർഹമായ നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ട് ഒരു വിഭാഗം ദളിത് സംഘടനകൾ ആഹ്വാനം ചെയ്ത സംസ്ഥാന ഹർത്താൽ തുടങ്ങി. വൈകിട്ട് ആറുവരെയാണ് ഹർത്താൽ.

✪✪✪

കാലടി സംസ്കൃത സർവകലാശാല ഇന്ന് നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിയതായി സർവകലാശാല അറിയിച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

APJ അബ്ദുൽകലാം ടെക്നോളജിക്കൽ സർവകലാശാലയും ഇന്ന് നടത്താനിരുന്ന പരീക്ഷകൾ മാറ്റിയിട്ടുണ്ട്.

✪✪✪

സർവകലാശാല PRO തസ്തികയിലേക്ക് PSC ആദ്യമായി നടത്തിയ പരീക്ഷ വിജയിച്ച് കാഴ്ചാ പരിമിതി നേരിടുന്ന തിരുവനന്തപുരത്തെ കുറ്റിച്ചില്ലം സ്വദേശി BJ പ്രദീപ് ചുമതലയേൽക്കുന്നു.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

..............(വോയ്സ്).....................

✪✪✪

കേരള ആരോഗ്യ സർവ്വകലാശാലയുടെ PRO ആയി കോഴിക്കോട് സ്വദേശി K.M ശ്രീ ചുമതലയേറ്റു. കോഴിക്കോട് സ്വദേശിയാണ്. PSC ആദ്യമായി PRO തസ്തികയിലേക്ക് നടത്തിയ പരീക്ഷയിൽ ശ്രീ ഒന്നാം റാങ്ക് നേടിയിരുന്നു.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മറ്റിയുടെ ഈ വർഷത്തെ ഹജ്ജ് യാത്രയ്ക്ക് മറ്റന്നാൾ തുടക്കമാകും. ആദ്യ വിമാനം കൊച്ചിയിൽ നിന്ന് വ്യാഴാഴ്ച ഉച്ച്ക്ക് 2.10 ന് 430 തീർത്ഥാടകരുമായി ജിദ്ദയിലേക്ക് പുറപ്പെടും. യാത്രയുടെ ഒരുക്കങ്ങൾ പൂർത്തിയായതായി ഹജ്ജ് കമ്മിറ്റി ചെയർമാൻ ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോട് മലപ്പുറത്ത് അറിയിച്ചു.

കൊച്ചി, കോഴിക്കോട്, കണ്ണൂർ എംബാർക്കേഷൻ പോയിന്റുകളിൽ നിന്ന് നിലവിൽ 13,851 പേരാണ് ഹജ്ജിന് പുറപ്പെടുന്നത്. ഇവരിൽ 7,943 പേർ കൊച്ചിയിൽ നിന്നും, 4,279 പേർ കണ്ണൂരിൽ നിന്നും, 944 പേർ കോഴിക്കോട് നിന്നുമാണ് യാത്ര തിരിക്കുന്നത്.

✪✪✪

IPL ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, ഡൽഹി ക്യാപിറ്റൽസിനെ ഒൻപത് വിക്കറ്റിന് തകർത്തു.

ഇന്ന് പഞ്ചാബ് കിംഗ്സ്, രാജസ്ഥാൻ റോയൽസിനെ നേരിടും. ന്യൂചണ്ഡിഗഢിലെ മുല്ലൻപൂർ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ഇന്ത്യ- ദക്ഷിണാഫ്രിക്ക വനിതാ ട്വന്റി-20 ക്രിക്കറ്റിലെ അവസാനമത്സരത്തിലും ഇന്ത്യയ്ക്ക് തോൽവി. അഞ്ച് മത്സര പരമ്പരയിൽ നാലും ജയിച്ച് ദക്ഷിണാഫ്രിക്ക പരമ്പര തൂത്തുവാരി.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ FC, ഒഡീഷ FC യെ നേരിടും. പശ്ചിമ ബംഗാളിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരക്കാണ് മത്സരം.

✪✪✪

അഖിലേന്ത്യാ അന്തർ സർവകലാശാല പുരുഷ വാട്ടർപോളോ കിരീടം കലിക്കറ്റ് സർവകലാശാലയ്ക്ക്. കലിക്കറ്റ് സർവകലാശാലാ അക്വാട്ടിക് കോംപ്ലക്സിലെ ഫൈനലിൽ ആറിനെതിരെ എട്ട് ഗോളിന് കേരള സർവകലാശാലയെ ആണ് അവർ പരാജയപ്പെടുത്തിയത്.

✪✪✪

---

***News Editor : വി കെ സുരേഷ്***
***News Reader: അനിൽ ചന്ദ്രൻ***
***News Team: ഫസ്ന ഫാത്തിമ***
***DEO : ഷീബ***